Registered No. M-4485 Madras War Review, Malayalam—25-2-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] മദിരാശി: 1944 ഫിബ്രുവരി 25-ാംനു, വെള്ളിയാഴ്ച [ലക്കം 25



## ദുഃഖിക്കാനോ സന്തോഷിക്കാനോ ഉള്ള സമയമല്ല

★

ദുഃഖിക്കാനോ സന്തോഷിക്കാനോ ഉള്ള സമയമല്ല ഇതു്. വേണ്ട ഒരുക്കങ്ങൾ ഓരോന്നു് ചെയ്വാനും, പരിശ്രമിക്കാനും, മനസ്സിനെ ഉറപ്പിക്കാനും ഉള്ള സമയമാണു്. യുദ്ധം നടന്നുകൊണ്ടേ ഇരിക്കുന്നു. യൂറോപ്പിലെ യുദ്ധം അവസാനിക്കാറായിയെന്നോ, ഹിററ്ലർ തോലയാറായിയെന്നോ, 1944 ൽ യൂറോപ്പിൽ യുദ്ധം അവസാനിക്കാൻപോകുന്നുവെന്നോ, ഉള്ള നിലക്കു് ഒരു തീർപ്പോ ഉറപ്പോ ഞാൻ ആൎക്കും കൊടുത്തിട്ടില്ല. ഇതിന്നു് വിപരീതമായ നിലക്കും ആൎക്കും ഞാൻ ഒരുറപ്പും കൊടുത്തിട്ടില്ല.

നമ്മുടെ റഷ്യൻ സഖ്യശക്തി കിഴക്കൻ രംഗത്തിൽ ശത്രുവിന്നു് നൽകുന്ന പ്രഹരം ജൎമ്മനിക്കു് അത്യന്തം ക്ലേശങ്ങൾ ഉണ്ടാക്കിതീൎക്കുന്നു. ശത്രുവിന്റെ അനവധി സൈന്യവ്യൂഹങ്ങളെ ഇററലിയിലും, യൂഗോസ്ലേവിയായിലും, ഫ്രാൻസിലും മററുപ്രദേശത്തുമായി നമ്മുടെ നേരേ പോരിന്നേപ്പെടുത്തേണ്ടിവന്നതുകൊണ്ടു് വിജയങ്ങൾ മേൽക്കുമേൽ വന്നുചേരുവാൻ റഷ്യയെ ഒട്ടേറെ സഹായിച്ചിട്ടുണ്ടു്.

ഇതിന്നും പുറമെ, ബ്രിട്ടന്റെയും അമേരിക്കയുടെയും വിമാനപ്പടകൾ നടത്തിവരുന്ന ബോംബാക്രമണങ്ങളുടെ ഫലമായി ജൎമ്മനിയുടെ വിമാനസൈന്യത്തിന്റെ എൺപതു് ശതമാനം കണ്ടു് അന്യരംഗങ്ങളിൽ ഏൎപ്പെട്ടിരിക്കുന്നതിനാൽ ഇതും റഷ്യക്കു് വലുതായ ഒരു സഹായമായി കണക്കാക്കേണ്ടതാണു്.

റഷ്യൻ സേനക്കു് കൈവരുന്ന വിജയങ്ങളെക്കാൾ ശ്ലാഘ്യതക്കു് ഒട്ടും കുറവില്ലാത്ത പ്രവൃത്തികളാണു് ഐക്യകക്ഷികൾ അന്യരംഗങ്ങളിൽ ചെയ്തുവരുന്നതു്.

—മി. ചൎച്ചിൽ, പാർലിമെണ്ടിൽ ഫിബ്രുവരി 22-ാം തിയ്യതി ചെയ്ത പ്രസംഗത്തിൽനിന്നു്

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ദുഃഖിക്കാനോ സന്തോഷിക്കാനോ ഉള്ള സമയമല്ല .. | 1 | | |
| കർഷകഗാനം .. .. .. .. .. | 2 | തച്ചോളി ഒതേനൻ .. .. .. .. | 7, 8 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3, 6 | | |
| ശാന്തസമുദ്രരംഗം .. .. .. .. | 4 | മുസ്സോളിനിയുടെ സാമ്രാജ്യം .. .. .. | 9 |
| പ്രത്യേക ലേഖനങ്ങൾ : | | കൊച്ചി തുറമുഖം .. .. .. .. .. | 10 |
| റഷ്യ, ഇററലി, ജാപ്പാൻ, ബോംബാക്രമണം .. .. .. .. | 5, 6 | | |


# കർഷകഗാനം

(വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ)

(വഞ്ചിപ്പാട്ട്)

[കർഷകന്ന് ന്യായവും അർഹതയുള്ളതുമായ സ്ഥാനം ഇനിയും നാം സമുദായത്തിൽ കൊടുക്കുന്നില്ല. അതു് പോരാ. നമ്മുടെ ഊണും, ഉടുപ്പും, ധാടിയും മോടിയുമെല്ലാം ഈയൊരു യോദ്ധാവിൻെറ അദ്ധ്വാനഫലമാണെന്നു് നാം മറക്കരുതു്. ഇന്നു നമ്മുടെ സകലപ്രവൃത്തിയും ഈ സംഗതി മറന്നുകൊണ്ടാണുതാനും. മാത്രമല്ല, പരിഷ്കരിച്ച സഭയിൽ ഒരു കൃഷിക്കാരനെ കടത്തിയിരുത്തുന്നതുതന്നെ പോരായ്മയാണെന്നുള്ള ഭാവവും കൂടിയുണ്ടു്. കൃഷിക്കാരൻെറ ശബ്ദം മുതൽ വേഷംവരെ പരിഷ്കാരമനസ്സിന്നു് വെറുപ്പുണ്ടാക്കുന്ന വിഷയങ്ങളാണു്. കൃഷിക്കാരന്നു് ഉറക്കേ വിശേഷം പറയുവാനെ സാധിക്കയുള്ളു. പരിഷ്കാരത്തിൽ ചുണ്ടനങ്ങാതെ, ശബ്ദം പുറത്തുകേൾക്കാതെ വിശേഷം പറയുന്നതാണു് ക്രമം. കൃഷിക്കാരന്നു് എങ്ങിനെ അതു സാധിക്കും? കണ്ടങ്ങൾ പൂട്ടുവാൻ പയോഗിക്കുന്ന പോത്തിൻെറ ഗർജ്ജനമാണു് ഈയാൾക്കു് സംസാരിപ്പാനുള്ള ശ്രുതി. ശബ്ദമാധുര്യത്തിന്നനുസരിച്ചതുതന്നെയാണു് ആകൃതിയും. അരക്കാലുറുപ്പികക്കാരൻ തോർത്തുമുണ്ടല്ലാതെ ഈയാൾ ചിററുകയില്ല. പരിഷ്കാരികൾക്കു് ദേഹം മുഴുവൻ ശീലകൾകൊണ്ടു് മറക്കേണമെന്നുമാത്രമല്ല, ഒടുവിൽ മുഖവും ഒരു ടവൽകൊണ്ടു് ഇടക്കിടക്കു മറക്കണം. കൃഷിക്കാരൻ ഇരിക്കുന്നതു് പരുപരുത്ത നിലത്താകുന്നു; പരിഷ്കാരിയോ, കസാലമേലല്ലാതെ ഇരിക്കുകതന്നെ അരുതു്. ഈവിധം ഒരു രണ്ടാംക്ലാസ്സ് സ്ഥാനം കർഷകന്നു കൊടുത്തുവിട്ടാൽ പോരാ; തരമുണ്ടെങ്കിൽ നാം ഒരു കർഷകപൂജതന്നെ ചെയ്യണം.]

(യു. സ. പ.)

ഉണരുക, ഒരുങ്ങുക, ഒരുമിച്ചീടുക നമ്മൾ,
ഉദിക്കുന്നു സുപ്രഭാതം കർഷകന്മാരേ!
കഴിഞ്ഞുപോയ് കാളരാത്രി; കനകംവിളയിക്കുമാ-
കതിരവനിതാ നമ്മെക്കാത്തു നില്ക്കുന്നു!
ക്ഷണമവസാനിക്കാമിസ്സുവർണ്ണ മുഹൂർത്തം, മുടൻ
ഉണരുക, ഒരുങ്ങുക, ഒരുമിക്ക നാം.

അറിവീല നമുക്കെഴുമദൃശ്യ ശക്തികൾ ന
കരിവീരൻ തനതുടൽപ്പെരുമപോലെ. [മ്മൾ,
എളിയവരല്ല നമ്മൾ, അടിമകളുമല്ലോർത്താൽ
നരലോകത്തിനൊരുററ നട്ടെൽകളത്രെ.
ഉണ്ണുവാനുമുടുപ്പാനുമാരുക്കുന്നിതേവർക്കും നാം,
ഉൺമയിൽ നമ്മുടെ തൊഴിലുത്തമോത്തമം!
ഒട്ടു നമ്മൾ കൃഷിപ്പണി വിട്ടുനിന്നാലീയുലകു
പട്ടിണിക്കും നശിക്കും തമ്മും ക്രുത്തരങ്ങളല്ലോ.

കാലിമേയ്ക്കും ചെറുകോലിതുയർത്തുന്ന പടവാളും
തൂലികയും ചെങ്കോലുമായോഗദണ്ഡുമേ.

മികവെഴും പടിയെമ്മട്ടലങ്കരിപ്പീലാ നമ്മൾ
പ്രകൃതിതൻ ചിരന്തന മഹാക്ഷേത്രത്തെ?

പച്ചഞാറിൻ നിരയാലെ പട്ടുതുണിവിരിക്കുന്നു,
വാച്ച കവുങ്ങിനാൽ കൊടിമരം നാട്ടുന്നു;
കേരവൃക്ഷങ്ങളാൽ പീലിക്കുടയെങ്ങുമുയർത്തുന്നു,
ചാരുവാഴകളാൽ വച്ചു തഴ നെയ്യുന്നു;
നറുമലർ കൊടികളാൽ തോരണങ്ങൾ തൂക്കീടുന്നു,
നാട്ടുനീളെ മാവുകളാൽ പന്തലിടുന്നു.

മുററത്തു നാമുയർത്തും നെൽക്കററക്കൂമ്പാരങ്ങ
ളുററ കളിക്കുന്ന സമ്പല്ക്കുന്നിക്കില്ലല്ലൊ! [ളല്ലാ,-
അനഘവായുവേററോരോ തൊഴിൽ ചെയ്യ
[മിയംഗങ്ങൾ
അരോഗങ്ങൾ ബലിഷ്ഠങ്ങൾ ദൃഢബന്ധങ്ങൾ.
തിളപ്പൊരി ചിതറും വെയിൽ നമുക്കൊരു കുളുർ
[നിലാ,-
വല്പടിക്കു പേമഴയൊ പനീർ തളിയ്ക്കൽ.
മാറി മാറി നിയതിതൻ വേഷമെടുത്തോട്ടെ,
[തോററു
മാറുകില്ല ദൈനംദിനവൃത്തിയിൽ നമ്മൾ.

ക്രൂററനെത്തെളിയ്ക്കുമുച്ചനാദമേ നമുക്കു വേദം;
ഞാററുവേലപ്പാട്ടു പരമോൽകൃഷ്ടഗീതം.

* പെരിയ സമാട്ടുമൊരു കരിപിടിച്ചുഴുതൊരി
ബ്ഭരതഭൂവന്നുമന്നും കർഷകരാജ്യം.

പാഠശാല വിട്ടീടുന്ന പരിഷ്കൃതയുവാക്കളേ,
പാരമഭിമാനിക്കുവിൻ കൃഷിപ്പണിയിൽ.
നിയമശാസ്ത്രങ്ങൾ, നാനാകലകളിതൊക്കെ
വയറു നിറയ്ക്കുകില്ല, വസ്ത്രമേകില്ല. [യെല്ലും
ശപഥം ചെയ്യുവിൻ നിങ്ങൾ നിജാഹാരവസന
ക്കപരനെയവലംബമാക്കുകില്ലെന്നായ് [ങ്ങൾ-
കാംക്ഷിക വിജ്ഞാനത്തിൻെറ കതിരൊളി പര
കർമ്മഭൂവിലേതു പള്ളിക്കൂടങ്ങളിലും. [ക്കട്ടെ,
ഒരുനിമിഷവും വൃഥാ കളയൊല്ലേ, കിടന്നിടൊ-
ല്ലൊരംഗുലം പോലുമൂഴി കൃഷിചെയ്യാതെ.
ഒരുദിനംകൊണ്ടു പല്ലക്കേറുകില്ല നമ്മൾ, വേണ്ട;
ഒരു ദിനംകൊണ്ടു പാളയെടുക്കില്ലല്ലൊ.

ഉണരുക, ഒരുങ്ങുക, ഒരുമിച്ചിടുക നമ്മൾ
ഉദിയ്ക്കുന്നു സുപ്രഭാതം കർഷകന്മാരെ.

(കേരളോപഹാരം)

*ജനകരാജാവു യാഗഭൂമി ഉഴുതു എന്നു പുരാണം.

# പ്രതിവാരചിന്തകൾ

ശിവരാത്രി കഴിഞ്ഞു. ഫിബ്രുവരി 22-ാം തിയ്യതി ചൊവ്വാഴ്ചയായിരുന്നു. മലബാറിൽ ഉള്ളവർക്ക് ഇതൊരു പ്രത്യേക അറിയിപ്പായി കരുതുവാനില്ലെങ്കിലും മലബാറിലെ യുവാക്കൾ ലോകത്തിലെ നാനാഭാഗങ്ങളിലും യുദ്ധാവശ്യാർത്ഥം ചിന്നിച്ചിതറി കിടക്കുന്നവർക്ക് ഈ ഒരു വർത്തമാനം എത്ര ആശ്വാസജനകമായിരിക്കുമെന്നറിയാമൊ? അവരുടെ കയ്‌വശം പഞ്ചാംഗമൊ മറ്റൊ ഉണ്ടായിരിക്കാൻ തരമില്ല; നാട്ടിലെ കാലാവസ്ഥ ഇപ്പോൾ എങ്ങിനെയിരിക്കുന്നുവെന്നവർക്ക് അറിവാൻ തരമില്ല. ശിവരാത്രി കഴിഞ്ഞുവെന്നറിയുമ്പോൾ ഇന്നത്തെ കാലാവസ്ഥ അവരുടെ മനസ്സുകൊണ്ട് ക്ഷണനേരത്തിൽ ചിത്രീകരിക്കാം. ശിവരാത്രി കഴിയുന്നതോടുകൂടി മലബാറിൽ വേനൽകാലം തുടങ്ങി. വേനൽകാലം തുടങ്ങിയാൽ പിന്നെ കേരളകർഷകന്മാർക്ക് ഉത്സാഹിപ്പാനുള്ള ഒരു പ്രത്യേക വിഷയമാണ് വേനൽ കായ്ക്കറി. പുഴയുടെ പള്ളങ്ങളിലും, വെള്ളം കോരി നനച്ചെത്തിക്കാമെന്ന് തോന്നുന്ന സർവ്വപ്രദേശങ്ങളിലും മത്ത, കുമ്പളം, കയ്പ മുതലായതുകളുടെ കൃഷിയാരംഭിച്ചു കഴിഞ്ഞു. കന്നുകാലികൾ തിന്നാതേയും, കള്ളന്മാർ കൊണ്ടുപോകാതേയും ഈ കായ്ക്കറികൾക്ക് വേണ്ടത്ര സംരക്ഷണ ചെയ്യാമെന്നുണ്ടെങ്കിൽ അല്പദിവസത്തിന്നുള്ളിൽ കർഷകഗൃഹങ്ങളിലേക്ക് എത്ര എത്ര നരച്ച കാരണവന്മാരാണ് (കുമ്പളങ്ങ) വരുന്ന വരുവാനുണ്ടായിരിക്കുകയെന്നറിയാമോ? മാത്രമോ? നാട്ടുപുറങ്ങളിൽ ഊടുവഴികളിൽ കൂടി നടന്നുപോകുന്ന വസരങ്ങളിൽ, കൈയ്പവള്ളി തരസാപെററുള്ള പൈതങ്ങൾ, നൊമ്മെ തടഞ്ഞുനിർത്തി നിർല്ലജ്ജമായി ചുംബനം ചെയ്യുകയും ചെയ്യും. എന്തൊരു ശ്രീയാർന്ന കാലമാണ് ഇനി ഇവിടുന്നങ്ങോട്ടുള്ളത്!



ഐക്യകക്ഷി സൈന്യങ്ങൾ ഇററലിയിൽ ചെന്നിറങ്ങിയ ആൻസിയോ നഗരി

## വേനൽ കായ്ക്കറി

ഇക്കുറിയത്തെ വേനൽ കായ്ക്കറി മലബാറിൽ ഒരു ന്യായമായ പ്രോഗ്രാമനുസരിച്ചു നടത്തേണ്ടതിന്നു കർഷകന്മാരെ കഴിയുന്നത്ര പ്രോത്സാഹനം ചെയ്‌വാൻ സർവ്വജനങ്ങളും പരിശ്രമിക്കണം. അർത്ഥിച്ചീടുന്നതൊക്കെ സുലഭമായി കൊടുപ്പാൻ ഭൂമിദേവി തെയ്യാറായിരിക്കുന്നവസരത്തിൽ ഉണ്ണാനില്ലെന്നു പറഞ്ഞ് വ്യസനിച്ചിരിക്കേണ്ടാവശ്യമെന്താണ് നമുക്കുള്ളത്? വേനൽ കായ്ക്കറിയുടെ പ്രോഗ്രാം ഒരു വക അങ്ങിനെ നടക്കുന്നതോടുകൂടിത്തന്നെ ഇനി എടുക്കാൻ പോകുന്ന നെല്ലുവിള ഇന്നത്തെതിലും നാലിരട്ടി വർദ്ധിപ്പിക്കുവാനുള്ള ഒരു പ്രോഗ്രാം ഇപ്പോൾ തന്നെ തെയ്യാറാക്കി വരണം. നമ്മുടെ സംസ്ഥാന ഗവർമ്മേണ്ട് വക കൃഷിഡിപ്പാർട്ടുമെണ്ടും റെവന്യൂ ഡിപ്പാർട്ടുമെണ്ടും കൂടിചേർന്നു ഇങ്ങനെ ഒരു പ്രോഗ്രാം അത്യുത്സാഹത്തോടുകൂടി നിറവേറ്റുവാൻ തീർച്ചപ്പെടുത്തുന്ന പക്ഷം മലബാറിൽ ആറു മാസം കൊണ്ട് യാതൊരു ക്ഷാമവും ഇല്ലാതെയാക്കിത്തീർക്കാം; ഇതിന്നുള്ള ഉത്സാഹവും പരിശ്രമവും ഇന്നുതന്നെ തുടങ്ങുകയും വേണം.

## കുടിൽവ്യവസായങ്ങൾ

കുടിൽവ്യവസായങ്ങളെ സംബന്ധിച്ച് കഴിഞ്ഞ തവണ സഞ്ചിക പ്രതിപാദിച്ചതിനെ കുറിച്ച് വല്ലവരും ചിന്ത ചെയ്യുമോ? എന്തെല്ലാം

(ശേഷം 6-ാം പേജിൽ)




ഈ പടം ശാന്തസമുദ്രത്തിലെ യുദ്ധരംഗം മുഴുവൻ വിശദമാക്കുന്നു.

# യുദ്ധസഞ്ചിക

## പ്രതിവാര പത്രം

1944 ഫിബ്രുവരി 25-ാംനു, വെള്ളിയാഴ്ച


## റഷ്യ

ഫിബ്രുവരി 23-ാം തിയ്യതി കഴിഞ്ഞുവെങ്കിലും, അന്നു് ഒരു സുദിനമാണെന്നുള്ള സംഗതി നമുക്കു മറക്കുവാൻ പാടില്ല. റഷ്യൻ സൈന്യത്തിന്റെ ഇരുപത്തിആറാമത്തെ പിറന്നാൾ കൊണ്ടാടുന്ന ദിവസമാണു് അന്നു്. കഴിഞ്ഞ കൊല്ലം ഇരുപത്തിഅഞ്ചാമത്തെ പിറന്നാൾ കൊണ്ടാടിയതു് നമുക്കെല്ലാം ഓർമ്മയുണ്ടായിരിക്കണം. കാരണം, കഴിഞ്ഞ കൊല്ലത്തെ ഈ വിശേഷദിവസത്തിന്നു് ഒരു പ്രത്യേകതകൂടിയുണ്ടായിരുന്നു. സ്റ്റാലിൻഗ്രാഡ് സമരം കഴിഞ്ഞു്, റഷ്യൻ സൈന്യത്തിന്നു വമ്പിച്ച വിജയം കൈവന്നു്, യുദ്ധത്തിന്റെ ഗതിക്കു എന്തൊന്നില്ലാത്ത മാററം വരുത്തിക്കൂട്ടിയ ഒരു സംഭവമായിരുന്നു അതു്. ഈ സംഭവത്തെ അഭിനന്ദിച്ചുകൊണ്ടു് ബ്രിട്ടീഷ് ചക്രവർത്തി സ്റ്റാലിൻഗ്രാഡ് നഗരിക്കു് ഒരു വാൾ സമ്മാനിക്കാനും കഴിഞ്ഞ കൊല്ലം ഇക്കാലത്താണു് തീർച്ചയാക്കിയതു്. ഈവിധം അതിഗംഭീരമായ നിലക്കാണു് റഷ്യൻസൈന്യത്തിന്റെ ഇരുപത്തഞ്ചാമത്തെ പിറന്നാൾ കൊണ്ടാടിയതു്. ഇരുപത്താറാമത്തേതിനെന്താണു് മോശം? റഷ്യൻ സൈന്യത്തിന്നു് സ്റ്റാലിൻഗ്രാഡിൽനിന്നു് തുടങ്ങിയ കയററം ഇന്നും നിലച്ചിട്ടില്ല. ബാൾട്ടിക്ക് കടൽ മുതൽ ബ്ലാക്ക്സി വരെ യുദ്ധരംഗം കത്തിജ്വലിക്കുന്നു; ജർമ്മൻ സൈന്യം കണക്കില്ലാതെ നശിക്കുകയും ചെയ്യുന്നു. റഷ്യൻ സൈന്യത്തിന്നു് യാതൊരു ക്ഷീണവും തട്ടുന്നില്ലെന്നുമാത്രമല്ല, ജർമ്മനിയുടെ മർമ്മപ്രദേശങ്ങളിലെല്ലാം അമർത്തടിക്കുകയും ചെയ്യുന്നുണ്ടു്. ഇരുപത്തിആറു വയസ്സു് പ്രായമുള്ള റഷ്യൻ സൈന്യത്തിന്റെ യൌവനം യഥാർത്ഥ യൌവനദശയെ പ്രാപിച്ചിരിക്കുന്നുവെന്നു് അനുഭവംകൊണ്ടറിയുന്നുണ്ടു്.

---

## ഇററലി

ഇററാലിയൻ രംഗത്തിൽ ആൻസിയോ കടലോരത്തുള്ള യുദ്ധത്തിന്നു് ഗൌരവം ക്രമേണ വർദ്ധിച്ചുകൊണ്ടുതന്നെയാണു വരുന്നതു്. തോണിയിൽനിന്നു് കരക്കിറങ്ങുവാൻ ഭാവിക്കുന്ന ഒരുവനെ കരക്കു നില്ക്കുന്ന ഒരാൾ പിടിച്ചുതള്ളുവാൻ ഭാവിച്ചാൽ അല്പനേരത്തേക്കു് കരക്കു് നില്ക്കുന്നവനുതന്നേയാണു് ജയമുണ്ടാവാൻ വഴി. ഇതാണു് ആൻസിയോ പ്രദേശത്തു് നടന്ന യുദ്ധത്തിന്റെ ഗുണദോഷം. ഐക്യകക്ഷിസൈന്യങ്ങൾ അവിടെ വന്നിറങ്ങിയെങ്കിലും അവക്കു വേണ്ടതായ യുദ്ധോപകരണങ്ങൾ മുഴുവൻ എത്തിച്ചേരുന്നതിന്നുമുമ്പു് ജർമ്മൻ സൈന്യങ്ങൾ അതിഭയങ്കരമായ ആക്രമണം ആരംഭിച്ചു. ജർമ്മൻ സൈന്യനായകനായ ജനറൽ കെസൽറിങ്ങിന്നു് ആറു ഡിവിഷൻ, അല്ലെങ്കിൽ തൊണ്ണൂറായിരം യോദ്ധാക്കളുള്ള ഒരു പെരുമ്പടയും വിശേഷപ്പെട്ട കോപ്പുകളും ഉണ്ടായിരുന്നുവത്രെ. ഈ നിലക്കു് അവരുടെ ആക്രമണത്തിന്നു ശക്തികൂടുകയും ഐക്യകക്ഷി സൈന്യങ്ങൾക്കു് അടിയുറപ്പിക്കാൻ സാധിക്കാതെവരികയുംചെയ്തു. എന്നാൽ ശത്രുവിന്റെ ഈ പരാക്രമം അല്പനേരത്തേക്കു മാത്രമെ ഉണ്ടായുള്ളു. ഐക്യകക്ഷിസൈന്യങ്ങൾ ഇപ്പോളതാ, അടിയുറപ്പിച്ചു് മുന്നോട്ടു ദ്രുതമായ ഗതിയാരംഭിച്ചിരിക്കുന്നു. രണ്ടു പ്രാവശ്യം ജർമ്മൻപട തള്ളിത്തള്ളിയാക്രമിച്ചു. രണ്ടിലും അവർ പരാജയപ്പെട്ടു് ഇപ്പോൾ അവരുടെ ഗതി പിന്നോക്കമായിരിക്കുന്നു. എന്നാൽ കാസിനൊ രംഗത്തിൽ ഇനിയും ഐക്യകക്ഷികളുടെ അഞ്ചാം സൈന്യത്തിന്നു് തൃപ്തികരമായവിധം മുന്നോട്ടു തള്ളുവാൻ സാധിച്ചിട്ടില്ല.

---

## ജാപ്പാൻ

ജാപ്പാന്റെ നേരെ ഐക്യകക്ഷികൾ അടിക്കുന്ന പ്രഹരത്തിന്നു ചൂടു് വർദ്ധിച്ചുവരുന്നു. യഥാർത്ഥത്തിൽ ജാപ്പാൻവിനാശിനി യന്ത്രത്തിന്റെ ഗതിയാരംഭിച്ചുവെന്നുതന്നെ വേണം പറയാൻ. ബർമ്മയുടെ നേരേയുള്ള പോരിൽ ഇനി പിൻതിരികയില്ലെന്നുള്ള ലക്ഷണം പൂർത്തിയായി കണ്ടുവരുന്നു. വടക്കൻ ബർമ്മയിലേക്കു് ചൈനയിൽനിന്നു് ഇറങ്ങിവരുന്നതും ഐക്യകക്ഷികളുടെ നേതൃത്വത്തിലുള്ളതുമായ സൈന്യത്തിന്റെ ആക്രമണം ഒരുവക; ഇന്ത്യയുടെ അതൃത്തിപ്രദേശത്തിൽനിന്നു് ബർമ്മയുടെ അറാക്കാൻ പ്രദേശത്തേക്കുള്ള ആക്രമണം മറെറാരുവക. ഇതു രണ്ടും ദ്രുതമായി ആരംഭിച്ച നടവടികളാണു്. രണ്ടിന്റെയും ചൂടു് ജാപ്പാൻ ധാരാളം അറിഞ്ഞുവരികയും ചെയ്യുന്നുണ്ടു്. ഈവിധം ബർമ്മയിൽ "ഒരശു്" പറഞ്ഞതോടുകൂടിത്തന്നെ ശാന്തസമുദ്രരംഗത്തിലും ഐക്യകക്ഷിസൈന്യങ്ങൾ മറെറാരശു് പറഞ്ഞിരിക്കുന്നു. ശാന്തസമുദ്രത്തിൽ കാരോലയിൻ ദ്വീപുകളുടെ ഇടയിൽ

ട്രക്ക് എന്നു പറയുന്ന സ്ഥലം ജാപ്പാന്റെ ഏററവും ശക്തിയായ ഒരു കടൽസൈന്യകേന്ദ്രമാണ്. ഈ കേന്ദ്രത്തിൽ അടുത്തവസരത്തിൽ അമേരിക്കൻ കടൽസൈന്യവും വിമാനസൈന്യവും കൂടിച്ചെന്ന് അത്യുഗ്രമായ ആക്രമണം നടത്തുകയും ജാപ്പാന്റെ അനവധി പടക്കപ്പലുകളും വിമാനങ്ങളും നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഒരു അമേരിക്കൻ സൈന്യം അവിടെ ഇറങ്ങീട്ടുണ്ടെന്നുമാണ് ജാപ്പാൻ റേഡിയോ പ്രസ്താവിച്ചുകാണുന്നത്. ഏതായാലും ഐക്യകക്ഷികളുടെ ക്രമപ്രവൃദ്ധമായ ആക്രമണരീതി ഇപ്പോൾ ജാപ്പാന്റെ തടിക്ക് തട്ടിത്തുടങ്ങിയിരിക്കുന്നു. പക്ഷെ ഇത് വല്ലതും ആയോ? ജാപ്പാനെ ജീവനോടുകൂടി തോല് കിഴിച്ചല്ലാതെ ഐക്യകക്ഷികൾ അടങ്ങുമെന്ന് വല്ലവരും വിചാരിക്കുന്നുണ്ടോ?

## ബോംബാക്രമണം

ജൎമ്മനിയിൽ ഇനി ഹിററ്ലറും, ലോകമൊട്ടാകെ ക്രൂരശക്തികൊണ്ടു് കീഴടക്കിക്കളയാമെന്നുള്ള ആയാളുടെ ദുൎമ്മോഹവുമല്ലാതെ മറെറന്തൊന്നാണ് ബാക്കിയുള്ളത്? ബ്രിട്ടീഷു് വിമാനസൈന്യവും അമേരിക്കൻ വിമാനസൈന്യവും ചെന്ന് നിരന്തരമായി ജൎമ്മനിയുടെ നാനാഭാഗത്തും നടത്തുന്ന ആക്രമണത്തിന്നു് മറെറന്തനുഭവമാണുണ്ടാകാനുള്ളത്? കഴിഞ്ഞ ഫിബ്രുവരി 20-ാം തിയ്യതി രാത്രി ലീപ്സിഗ് നഗരിയിലും സ്റ്റട്ട്ഗാർട്ട് നഗരിയിലും ബ്രിട്ടന്റെയും അമേരിക്കയുടെയും വിമാനസൈന്യങ്ങൾ ചെന്ന് നടത്തിയ ബോംബാക്രമണം അനന്യസാധാരണമായിരുന്നു. ഈ രണ്ടു നഗരികളും ജൎമ്മനിയുടെ വലിയ യുദ്ധവ്യവസായകേന്ദ്രങ്ങളാകുന്നു. എഴുപതിലധികം വിമാനങ്ങൾ ബ്രിട്ടന്നു് ഇതിൽ നഷ്ടം വന്നുവത്രെ. ശത്രുവിന്നു് ഈ രണ്ടു നഗരികൾ മിക്കവാറും നാശം വരികയും ചെയ്തിരിക്കുന്നു. രണ്ടായിരത്തിലധികം അമേരിക്കൻ വിമാനസൈന്യങ്ങളും ഈ ആക്രമണത്തിൽ പങ്കെടുത്തിരുന്നു. ജൎമ്മൻ തലസ്ഥാനനഗരിക്ക് നിരന്തരമായി ലഭിക്കുന്ന ആക്രമണങ്ങൾക്കു പുറമെ, ജൎമ്മനിയുടെ യുദ്ധവ്യവസായശാലകളുള്ള ഏതു് നഗരിയിലും ഭയങ്കരമായ ആക്രമണങ്ങൾ തുടൎന്നുകൊണ്ടിരിക്കുന്നു. ഇത്രയെല്ലാമായിട്ടും ഐക്യകക്ഷികൾക്കു് കീഴടങ്ങുവാനുള്ള ഉദ്ദേശം ഇനിയും ഹിററ്ലറുടെ ഹൃദയത്തിൽ കാണുന്നില്ല. ഇതു് വെറും സഹനശക്തിയോ ധൈൎയ്യമോ അല്ല; ഇതിന്റെ സമ്പൂൎണ്ണനാശത്തിൽനിന്നേ ലോകത്തിൽ ശരിയായ സമാധാനമുണ്ടാകയുള്ളുവെന്ന തരത്തിലുള്ള ഒരു മഹാ ദുൎമ്മതിയാണു്.

(3-ാം പേജിൽനിന്നു തുടൎച്ച)

കുടിൽവ്യവസായമാണ് മലബാറിൽ അഭിവൃദ്ധിപ്രദമായ നിലയിൽ ഏൎപ്പെടുത്താവുന്നതുള്ളത്? ഇതിനെ സംബന്ധിച്ചു് അമാന്തിച്ചിരുന്നിട്ടു് കാൎയ്യമില്ല. വേണ്ടത്ര ആലോചന ഒരു വിഷയത്തിൽചെന്നെ അതിനെ സംബന്ധിച്ചു് സൂക്ഷ്മമായ ഒരു തീൎപ്പിന്നു് സാദ്ധ്യമാകയുള്ളൂ. കോഴിയെ വളൎത്തുക, തേനീച്ചയെ വളൎത്തുക, നൂൽ നൂല്ക്കുക എന്നിങ്ങിനെ ചില തെയ്യാറാക്കിവെച്ച ഔഷധങ്ങൾ ഈ രോഗത്തിന്നു് പലരും വിധിച്ചു കണ്ടിട്ടുണ്ടു്. ഇവയെല്ലാം ചിലൎക്കു് പററിയെന്നും വരാം. പക്ഷെ മലബാർ സമുദായത്തിന്നൊട്ടാകെ ഇവയെല്ലാം ഒരു ധനാഗമമാൎഗ്ഗമായി കരുതാൻ പാടുള്ളതല്ല. സമുദായത്തിന്റെ മനഃസ്ഥിതിയും, സംസ്കാരവും മററും വേണ്ടപോലെ ആലോചിച്ചതിന്നുശേഷമെ കുടിൽവ്യവസായത്തിന്റെ പ്രോഗ്രാം തെയ്യാറാക്കാവൂ. സൎവ്വജനങ്ങൾക്കും ഒരുപോലെ, ബ്രാഹ്മണൻ മുതൽ പറയൻ വരെ യാതൊരു വ്യത്യാസവുമില്ലാതെ, നടത്താവുന്ന ഒരു കുടിൽവ്യവസായമാണു് ഡെയറീയിങ്ങ്, അല്ലെങ്കിൽ നല്ല നെയ്യും, പാലും, മോരും ഉണ്ടാക്കുന്ന ജോലി. നല്ല നെയ്യും, മോരും, പാലും കിട്ടാതെ പട്ടണങ്ങളിലുള്ള നിവാസികൾ കഷ്ടപ്പെടുന്നതുകണ്ടാൽ ഈ ഒരു ജോലി ആദായകരമായിട്ടുള്ളതുമാത്രമല്ല, ഏറക്കുറെ പുണ്യവുമാണെന്നു് പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടു് ഇതൊരു കുടിൽവ്യവസായമായി നടത്തി മലബാറിലെ നെയ്യും, മോരും, പാലും മദിരാശിയിലും മററു പട്ടണങ്ങളിലും എത്തിച്ചുകൂടാ. പുല്ലു് സുലഭമായി ഭക്ഷിക്കാവുന്ന പ്രദേശത്തെ പശുക്കളുടെ പാലിന്നും നെയ്യിന്നും പ്രത്യേകിച്ചു് സ്വാദു് കൂടും. മലബാറിലെ നെയ്യ് കൂട്ടി ഉണ്ണാൻ കിട്ടിയില്ലെങ്കിൽതന്നെ ഉണ്ണാനിരിക്കുമ്പോൾ നെയ്യ് ഉരുക്കുന്ന വാസന വന്നാൽ മതി, രുചി വൎദ്ധിക്കുമെല്ലോ.

## ബ്രിട്ടീഷ്–ജൎമ്മൻ യുദ്ധം

### 234-ാമത്തെ ആഴ്ച

### 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

# തച്ചോളി ഒതേനൻ

(കേരളപുത്രൻ)

സാധുജനങ്ങളുടെയും രക്ഷയില്ലാത്തവരുടേയും രക്ഷാകർത്താവായി കേരളം ഒട്ടാകെ പേരെടുത്ത ഒരു മാതൃകാനായകനാണ് "തേനൻ" എന്ന ഓമനപ്പേരോടുകൂടിയ ഒതേനൻ. കായികാഭ്യാസത്തിലും വീര്യശൌര്യപരാക്രമങ്ങളിലും കേളികേട്ട ഒരു ധീരപുരുഷനായിരുന്നു ഇദ്ദേഹം. ഒരു നായർത്തറവാട്ടിൽ ജനിച്ച ഈ മാന്യസന്താനം നായർ സമുദായത്തിന്നു മാത്രമല്ല മാതൃഭൂമിയായ കേരളത്തിന്നൊട്ടാകെ ആത്മാഭിമാനം കൈക്കൊള്ളാവുന്ന ഒരു യശശ്ശരീരിയായിട്ടുണ്ട്. ഇന്നത്തെ ലോകമഹായുദ്ധം അടിയറവാക്കിക്കൊണ്ടുള്ള വിജയം പ്രാപിച്ചുവരത്തക്ക "ആണത്ത"ത്തിന്നു ആവേശം നൽകുന്ന ഒരു സ്നേഹഭക്തി ഈ പുരുഷകേസരിയുടെ ഓർമ്മയിൽനിന്നു ഇന്നത്തെ കേരളയുവാക്കൾക്കു ഉളവായിക്കൂടേ? ഉളവാകുന്നുണ്ടെന്നു ഞാൻ സമ്മതിക്കുന്നു; പക്ഷേ അതു പോരാ; പട്ടാളത്തിൽ കേരളയുവാക്കൾ ധാരാളമായി ചേരുന്നുണ്ടെന്നുള്ള സംഗതിമാത്രം പോരാ; അവർ ചേർന്നിട്ടുണ്ടെങ്കിൽ യുദ്ധം എന്താണു നീണ്ടുനില്ക്കുന്നതു്? ശത്രുവിന്റെ തല കേരള യുവാവിന്റെ വാളിന്മേൽ ഇങ്ങോട്ടു് വരണ്ടേ? അതാണ് ഒതേനന്റെ ഓർമ്മക്കുള്ള യശസ്സൂഭം.

ഒതേനനെപ്പററിയുള്ള ഓർമ്മ ഇന്നും നിലനിർത്തിപ്പോരുന്നതു് വടക്കൻ പാട്ടുകളെക്കൊണ്ടാണ്. ഈ പാട്ടുകൾ കേരളത്തിലെ സ്ത്രീകൾ പാടത്തു് നെല്ലു നട്ടമ്പോഴും തച്ചോളിക്ഷേത്രത്തിൽ ആണ്ടുതോറും നടക്കുന്ന വേലകളിലും പാടാറുണ്ട്. എന്നാൽ സമുദായപരിഷ്കാരത്തിന്റെ ഫലമായി ആളുകൾക്ക് ഭ്രമം ത്യാഗരാജകൃതികളിലും മററും ആയതിന്നുശേഷം തച്ചോളിപ്പാട്ടുകൾ കൊട്ടാരങ്ങളിൽനിന്നു ചാളകളിലേക്കു തള്ളിവിട്ടുവെങ്കിലും മദ്രാസ് സർവ്വകലാശാലയുടെ മലയാള ഡിപ്പാർട്ട്മെണ്ടിന്റെ ആഭിമുഖ്യത്തിൽ ഗവേഷണം നടത്തി ഒരു പുതിയ പ്രസിദ്ധീകരണം വന്നതോടുകൂടി വടക്കൻ പാട്ടുകൾ പരിഷ്കാരത്തിന്നു വിരോധമല്ലെന്നുള്ള അഭിപ്രായം വന്നിരിക്കുന്നു. ഇതു് മദിരാശി സർവ്വകലാശാലക്കാർ കേരള സംസ്കാരത്തിന്നു ചെയ്ത വലിയ ഉപകാരമാണ്.

ഒതേനന്റെ ജനനം വടക്കെ മലയാളത്തിൽ വടകര റയിൽവെസ്റ്റേഷന്റെ അടുത്തുള്ള ഒരു സ്ഥലത്തായിരുന്നു. ഇന്നും, ഇതാ ഇവിടെയാണ് ഒതേനന്റെ പണ്ടത്തെ തച്ചോളിത്തറവാട്ട്, എന്നുപറഞ്ഞു ഒരു സ്ഥലം ആ ദിക്കുകാർ നമുക്കു കാണിച്ചുതരും. അക്കാലങ്ങളിൽ ഒരു നായർ യുവാവിന്റെ കുലത്തൊഴിൽ അഭ്യാസമായിരുന്നു. ഒരു തറവാട്ടിൽ പ്രത്യേകമായോ, അല്ലെങ്കിൽ ചില തറവാട്ടുകൾക്കെല്ലാം കൂടി ഒന്നായോ ഒരു കളരിയുണ്ടായിരിക്കും. ഈ കളരിയിൽപെട്ട തറവാട്ടുകളിലെ യുവാക്കൾക്കും, ചിലപ്പോൾ യുവതികൾക്കും ഇവിടെ വെച്ചാണു കായികാഭ്യാസവും ആയുധാഭ്യാസവും ലഭിക്കാറ്.

ഒതേനൻ തന്റെ ആദ്യത്തെ അരങ്ങേററം കഴിച്ചതു് തന്നേക്കാൾ എത്രയോ പ്രായവും പരിചയവും അധികം ഉള്ള ഒരു ശത്രുവിന്റെ നേരെയായിരുന്നു. അന്നു അദ്ദേഹത്തിന്നു പത്തു വയസ്സു പ്രായമെ ആയിരുന്നുള്ളു. ഈ ശണ്ഠയുടെ വിശദമായ കഥ വടക്കൻ പാട്ടിൽ പാടുന്നുണ്ട്. കടത്തനാട്ടു രാജാവിന്റെ കാണക്കുടിയായ്മയുണ്ടായിരുന്ന ഒരു നാട്ടുപ്രമാണിത്തറവാട്ടുകാരുടെ ആശ്രയത്തിന്മേലാണ് ഒതേനന്റെ തറവാട്ടുകാർ ജീവിച്ചിരുന്നതു്. ഒതേനൻ ജനിക്കുന്നതിന്നുമുമ്പു അദ്ദേഹത്തിന്റെ അമ്മ ഈ തറവാട്ടിലെ കാരണവരെ ചില തെങ്ങിൻ തയ്യുകളിലുള്ള അവകാശത്തർക്കത്തിന്മേൽ അവമാനിച്ചുവെന്നൊരാക്ഷേപം ഉണ്ടായിരുന്നു. അവകാശത്തർക്കം മൂത്തു വാഗ്വാദം ആയപ്പോൾ ഒരവസരത്തിൽ ഈ തറവാട്ടിലെ കാരണവൻ ദ്വേഷ്യംവന്നു ഒതേനന്റെ അമ്മയെ ഒരു ചകരി കൊണ്ടു എറിഞ്ഞു. എനിക്കൊരുമകൻ ഉണ്ടാകുമ്പോൾ ഇതിന്നു സമാധാനം ചോദിച്ചുകൊള്ളട്ടെ എന്നും പറഞ്ഞു ഈ ചകരി അമ്മ പൊതിഞ്ഞു സൂക്ഷിച്ചുവെച്ചു.

ഒരു ദിവസം ഒതേനൻ ഇതു കണ്ടെത്തി അതിനെപ്പററിയുള്ള സംഗതിയെല്ലാം അമ്മയോടു ചോദിച്ചു. പഴയ ശണ്ഠകളിൽ ചെന്നു ചാടി ഒതേനന്നു കുട്ടിക്കാലത്തുതന്നെ വല്ല ആപത്തും വന്നുചേരരുതെന്നായിരുന്നു അമ്മയുടെ ആഗ്രഹം. അതിനാൽ ഒന്നും പറഞ്ഞില്ലെങ്കിലും തേങ്ങിതേങ്ങി കരയുവാൻ തുടങ്ങി. അമ്മ പറഞ്ഞില്ലെങ്കിലും ആ പ്രദേശത്തെ ചില വയസ്സന്മാരോടു സംഗതികളെല്ലാം ഒതേനൻ ചോദിച്ചറിഞ്ഞു.

കുഡുംബങ്ങൾ തമ്മിലുള്ള കലഹങ്ങളിൽ ഒരുവന്നു് ശത്രുകുഡുംബത്തിന്റെ നേരെ പക വീട്ടുന്ന കാര്യത്തിൽ നിയമതടസ്ഥമൊന്നും അന്നു കേരളത്തിൽ ഉണ്ടായിരുന്നില്ല. സമുദായസമ്പ്രദായം അതിനെ അനുകൂലിക്കുകയും ചെയ്തിരുന്നു. അതിനാൽ കാര്യങ്ങളെല്ലാം അറിഞ്ഞ ഉടനെ ഒതേനൻ തന്റെ അമ്മയെ അപമാനിച്ചവന്റെ നേരെചെന്നു് ആയാളെ പോർക്കുവിളിച്ചു. പക്ഷേ, ശത്രു ചിരിച്ചതെ ഉള്ളു. കുറച്ചുകാലവും കൂടി പയററിട്ടു മടങ്ങിവാ, എന്നു മാത്രം അയാൾ ഒതേനനോടു മറുപടി പറഞ്ഞു.

ഇതിനെ കൂടാക്കാതെ രണ്ടാമതും പോർക്കുവിളിച്ചു. അതിനാൽ ഒരു ദിവസം നിശ്ചയിച്ചു. അമ്മക്കു വളരെ പരിഭ്രമമായി; പക്ഷേ, അക്കാലങ്ങളിൽ അമ്മമാർക്കുകൂടി മക്കളെ ഈ കാര്യത്തിൽ തടയുവാനുള്ള അധികാരമുണ്ടായിരുന്നില്ല. നിശ്ചിതദിവസം ഒതേനൻ പൊയ്ത്തിന്നു നിശ്ചയിച്ച സ്ഥലത്തെത്തി. തന്റെ സങ്കടങ്ങളെല്ലാം തുറന്നു പറഞ്ഞു. എതിരാളി തനിക്കുള്ള ആയുധങ്ങളെല്ലാം തിരഞ്ഞെടുത്തു. മദ്ധ്യസ്ഥന്മാരെല്ലാം അവരവരുടെ സ്ഥലത്തു പോയി നിന്നു. രാജാവിന്റെ അനുമതിയോടുകൂടി പൊയ്ത്തും ആരംഭിച്ചു.

കേരളത്തിൽ പൊയ്ത്തിന്ന് ഒരവസാനമെയുള്ളു. ഇരുകക്ഷികളിൽ ഒരാൾ ചാവണം. തന്റെ പ്രായത്തിനെയും പരിചയത്തിനെയും വിശ്വസിച്ചു് പുറപ്പെട്ട നാട്ടുപ്രമാണി കുറച്ചു നേരം ശണ്ഠ ചെയ്യുമ്പോഴേക്കും വെള്ളം കുടിച്ചു തുടങ്ങി. അല്പം വിശ്രമിച്ചു് രണ്ടാമതും അടുത്തപ്പോൾ ഇരുകക്ഷികളും മറെറവന്റെ കഥ കഴിച്ചുകളയാമെന്നു തീർച്ചയാക്കി. വാളുകൊണ്ടു അതിഭയങ്കരമായ ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്നവസരത്തിൽ ശത്രുവിന്റെ ഒരു വെട്ടിനെ ജാഗ്രതയോടുകൂടി തടുത്തു് ഒതേനൻ വാളുവീശി. സൂക്ഷിച്ചോ, നിന്റെ തടവിന്നൊരു കേടുണ്ട്, എന്നു വിളിച്ചുപറഞ്ഞു. മൂന്നു പ്രാവശ്യം ഇങ്ങിനെ വിളിച്ചുപറഞ്ഞു. അതായിരുന്നു അന്നത്തെ മുറ. എതിരാളിയെ ചതിയിൽ കൊല്ലാൻ പാടില്ല. മൂന്നു പ്രാവശ്യം വിളിച്ചു പറഞ്ഞതിന്നുശേഷം നാലാമതു ഒതേനന്റെ വാള് വീശി. അതിന്മേൽ ശത്രുവിന്റെ തലയും കൊണ്ടുവന്നു. കാണികളെല്ലാം അത്ഭുതപ്പെട്ടു. ഒതേനന്റെ കേളി കേരളത്തിലെ 108 കളരികളിലും പരന്നു.

ഒതേനന്റെ അരങ്ങേററം ഇങ്ങിനെയായി. അദ്ദേഹം വലിയ ഒരു സത്യസന്ധനും ധർമ്മനിരതനും കയ്യൂക്കുള്ളവൻ കാര്യക്കാര് എന്ന നയം നടപ്പുണ്ടായിരുന്ന അക്കാലത്തു വല്ലവരും ഉപദ്രവം ചെയ്താൽ സമാധാനം ചോദിപ്പാൻ ശക്തിയില്ലാതെ കുഴങ്ങുന്ന സാധുക്കൾക്കു ഒരു ബന്ധുവുമായിരുന്നു. അദ്ദേഹത്തിന്റെ ആയുഷ്കാലത്തു നടത്തിയതായ മിക്കവാറും ശണ്ഠകളും സാധുസംരക്ഷണത്തിന്നായിട്ടുണ്ടായിരുന്നു. ഒതേനൻ കടത്തനാട്ടു രാജാവിന്റെ ഒരാശ്രിതനായിരുന്നുവെങ്കിലും, ആശ്രിതഭാവം ജനനം കൊണ്ടായതാണെന്നല്ലാതെ താൻ സ്വയം വരിച്ചതല്ല. എന്നാലും ഇത്ര യോഗ്യനായിട്ടുള്ള ഒരു യോദ്ധാവിനെ മുഷിപ്പിക്കാതെ കഴിക്കുവാൻ രാജാവു് പ്രത്യേകം സൂക്ഷിച്ചിരുന്നു.

പലേ അവസരങ്ങളിലും തന്റെ കൂട്ടുകാരനായ ചാപ്പന്റെ ബുദ്ധിവൈഭവംകൊണ്ടും സാമർത്ഥ്യംകൊണ്ടും ഒതേനൻ കഷ്ടാവസ്ഥകളിൽനിന്നു് രക്ഷപ്രാപിക്കുവാൻ സംഗതിയായിട്ടുണ്ട്. ഈ കഥകളെല്ലാം വടക്കൻ പാട്ടുകളിൽ പാടികേൾക്കാം. ഒരു സന്ദർഭത്തിൽ ഒതേനൻ വയനാട്ടിലെ രാജാവിന്റെ തടവുകാരനായി ഒരു വിശേഷപ്പെട്ടതായ ശിക്ഷയനുഭവിപ്പാൻ ഒരുങ്ങി ജയിലിൽ ഇരുപ്പായിരുന്നു. അപ്പോഴാണ് ചാപ്പൻ ഒരു സന്ന്യാസിവേഷം ധരിച്ചു തടവുകാരനെ കാൺമാനും കൊലച്ചോറു കൊടുപ്പാനും സമ്മതം മേടിച്ചതു്. ഭക്ഷണമായി കൊടുത്തതു് ഒരു വത്തക്കയായിരുന്നു. ഈ വത്തക്ക ഉള്ളിൽ തുരന്നു് അതിൽ ഒതേനന്റെ ഉറുമി സൂക്ഷിച്ചിരിക്കയായിരുന്നു. ഉറുമി എന്നു പറഞ്ഞാൽ വളരെ ഘനം ചുരുങ്ങി വളച്ചാൽ വളയുന്നതായ ഉരുക്കുകൊണ്ടു ഉണ്ടാക്കിയ ഒരുതരം വാളാണ്. ആവിശ്യമില്ലാത്തപ്പോൾ അതിനെ ചുരുട്ടി വാച്ചിന്റെ സ്പ്രിങ്ങ്പോലെ സൂക്ഷിക്കാം. അവനവന്നു് തന്നെ കേടുപററാതെ ഈ വാള് ഉപയോഗിക്കുവാൻ വലിയ അഭ്യാസിയായിരിക്കണം. വയനാട്ടു രാജാവിന്റെ കാരാഗ്രഹത്തിൽനിന്നു് ഒതേനൻ ചാപ്പന്റെ സഹായത്തോടുകൂടി രക്ഷ പ്രാപിച്ച കഥ മുഴുവൻ വടക്കൻപാട്ടിൽ പാടുന്നതു ആവേശജനകമായിരിക്കും.

സാമൂതിരി രാജാവും കടത്തനാട്ടു രാജാവും തമ്മിൽ അതൃത്തി, ചുങ്കം മുതലായ സംഗതികളെ

സംബന്ധിച്ചു വളരെ മത്സരത്തിലായിരുന്നു. മത്സരം മൂത്തു രണ്ടു കക്ഷികളും യുദ്ധത്തിന്നൊരുങ്ങി. തേനൻ അക്കാലങ്ങളിൽ കോഴിക്കോട്ടു രാജാവിന്റെ അതൃത്തിയെ വകവെക്കാതെ, ചിലപ്പോൾ പകൽ സമയങ്ങളിൽക്കൂടി, ഒരു പ്രേമവിഷയത്തിൽ ലാക്കു നോക്കി നടക്കുകയായിരുന്നു. ഇങ്ങിനെ നടക്കുന്ന ഘട്ടത്തിൽ ഒരു ദിവസം സാമൂതിരി രാജാവിന്റെ പട്ടാള ഉദ്യോഗസ്ഥന്മാരിൽ ഒരാൾ തേനനെക്കണ്ടെത്തി വിവരം രാജാവിനെ അറിയിച്ചു. ഉടനെ ഇളയരാജാവും ഇരുനൂറ് നായർ പട്ടാളക്കാരും കൂടി കുതിരപ്പുറത്തു ഓടിയെത്തി, തേനനെ പിടിച്ചു കെട്ടി സാമൂതിരി രാജാവിന്റെ മുമ്പിൽ ഹാജരാക്കി.

ഒരു നായർ പടയാളിയുടെ മര്യാദയനുസരിച്ചു ഒതേനൻ സാമൂതിരി രാജാവിനെ വണങ്ങി. തേനൻ വന്നിരിക്കുന്നുവെന്ന് കേട്ടു കൊട്ടാരത്തിലുള്ള സ്ത്രീകളെല്ലാം അദ്ദേഹത്തെ ഒരു നോക്കു കാൺമാൻ വേണ്ടി ജനവാതിലുകളിൽ കൂടി ഒളിഞ്ഞു നോക്കുകയായിരുന്നു.

"നിന്നെപ്പററി ധാരാളം കേട്ടിട്ടുണ്ട്. നിന്റെ യോഗ്യതകളെപററിയും അനവധി ആളുകൾ സ്തുതിക്കുന്നു. എന്നാൽ അതെല്ലാം മിക്കവാറും അതിശയോക്തിയാണെന്നാണ് എന്റെ ബോദ്ധ്യം. നിന്റെ ആയുസ്സു ഇപ്പോൾ ഞങ്ങടെ കൈവശമാണെന്നു നിണക്കറിയാമോ?" എന്നു സാമൂതിരി ചോദിച്ചു.

"തമ്പുരാനെ, അല്ല. അടിയന്റെ വാള് കൈവശമുള്ളപ്പോൾ, അല്ല."

"ഛി, ധിക്കാരി, എന്റെ നായർ പട്ടാളത്തിനെ നിനക്കൊരു വിലയില്ലെന്നോ? എന്റെ നായർ സൈന്യത്തിൽ മേത്തരം പടയാളികളായ ഇരുനൂറ് നായന്മാർ രണ്ടു വരിയായി നില്ക്കട്ടെ. അതിന്റെ നടുവിൽക്കൂടി ഇവൻ നടക്കട്ടെ. അതിന്റെശേഷം ഇവന്ന് ആയുസ്സുണ്ടോ എന്നൊന്നറിയണം." എന്നു സാമൂതിരി കല്പനകൊടുത്തു.

ഒതേനൻ സമാധാനമൊന്നും പറഞ്ഞില്ല. തന്റെ വാളും പരിചയുമായി തയ്യാറായിനിന്നു. സാമൂതിരിയുടെ നായർ പട്ടാളവും വാളൂരി തയ്യാറായി.

"തമ്പുരാനെ, അടിയന്നു കുറച്ചു നൂറ് തരണം." നൂറുകൊണ്ടുവന്നു കൊടുത്തപ്പോൾ അതെടുത്തു വാളിന്റെ തലപ്പത്തും പരിചയുടെ അകത്തും പുരട്ടി. ഇതു കണ്ടപ്പോൾ ഒരു ഗോഷ്ടിയാണെന്നു പറഞ്ഞു കാണികൾ പരിഹസിച്ചു.

"ഞാൻ തയ്യാറായി" എന്നു ഒതേനൻ വിളിച്ചു പറഞ്ഞു.

ഇതും പറഞ്ഞു ഒരു ഞൊടികൊണ്ടു ഒതേനൻ വാളും പരിചയുമായി മുന്നോട്ടു ചാടി. തന്റെ നേരെ ആഞ്ഞു വെട്ടുന്നതായ ഇരുനൂറ് വാൾക്കൂട്ടത്തിൽക്കൂടെ ചാലിയന്റെ നൂലോട്ടുന്ന ഓടംപോലെ കടന്ന് മറെറ തലക്കിലെത്തി. ഒന്നു വാങ്ങിനിന്നു സാമൂതിരി രാജാവിനെ വന്ദിച്ചു. ഇനി തിരുമേനിയുടെ ആഗ്രഹമെന്താണെന്നു ചോദിച്ചു.

"അഭ്യാസം വളരെ കേമമായി. [illegible] എനിക്കു വളരെ സന്തോഷവുമായി. പക്ഷെ എന്തിനാണു നൂറ് ചോദിച്ചതു്."

ഒതേനൻ മന്ദഹാസം ചെയ്തുകൊണ്ടുണർത്തിച്ചു: "ഓരോ നായർ പടയാളിയുടേയും കഴുത്തിൽ ചുണ്ണാമ്പിന്റെ അടയാളം കാണാം. അടിയന്റെ വാള് അവരുടെ എല്ലാവരുടെയും കഴുത്തിൽ കൂടെ മിന്നീട്ടുണ്ട്. വേണമെങ്കിൽ അടയാളം ചുണ്ണാമ്പിന്നു പകരം ചോരയാക്കാമായിരുന്നു. പക്ഷെ സാമൂതിരി രാജാവിന്റെ ഇരുനൂറ് പടയാളികളെ കൊല്ലുവാൻ എനിക്കു മോഹമില്ല."

ഒതേനനെ സമ്മാനിച്ചഭിഷേകം ചെയ്യേണമെന്ന് സാമൂതിരിക്കാഗ്രഹമുണ്ടായെങ്കിലും തന്റെ തമ്പുരാന്റെ ശത്രുവിന്റെ കയ്യിൽനിന്ന് സമ്മാനം വാങ്ങാൻ പാടില്ലെന്നായിരുന്നു അന്നത്തെ മുറ.

ഒതേനന്റെ പ്രണയകാര്യങ്ങളെക്കുറിച്ചും പരാക്രമങ്ങളെക്കുറിച്ചും അനവധി കഥകളുണ്ട്. ദുർബ്ബലന്മാരോടും സാധുജനങ്ങളോടും അദ്ദേഹത്തിന്നുണ്ടായിരുന്ന അലിയുന്ന ഹൃദയവും പ്രസിദ്ധമാണ്. മററുള്ള പുരാണ പുരുഷന്മാരെപ്പോലെത്തന്നെ ഇദ്ദേഹത്തിന്റെ മരണവും ഒരു ചതിയിൽ പെട്ടിട്ടായിരുന്നു.

കടത്തനാട്ടിൽ ലോകനാർകാവ് എന്ന പേരായ ഒരു ക്ഷേത്രം ഉണ്ടായിരുന്നു. ആയതു് ഇന്നും ഉണ്ട്. അവിടെ വർഷംതോറും കഴിക്കുന്നതായ ഉത്സവം കേമമായി കഴിക്കുന്ന ഒരു ഘട്ടമായിരുന്നു. ഈ ക്ഷേത്രത്തിലെ അധിദേവതയായ ഭഗവതിതന്നെയാണ് എല്ലാ കളരികളിലേയും ഭരദേവത. അതിനാൽ, ഉത്സവസമയത്തു എല്ലാ കളരികളുടെയും വകയായി ഓരോ പന്തലുകൾ കമനീയമായി വിതാനിച്ചു തയ്യാറാക്കുക പതിവാണ്. ഒതേനന്റെ തറവാട്ടുകാരുടെ വകയായും ഒരു പന്തൽ ഉണ്ടായിരുന്നു. ഉത്സവത്തിന്നു വന്ന പ്രമാണികളെല്ലാം ഒതേനന്റെ പന്തലിലും വന്നിരുന്നു. ഇതിൽ ഒരാൾ മതില്ലൂർ കളരിയിലെ ഗുരുനാഥനായിരുന്നു. ഇദ്ദേഹവും ശിഷ്യന്മാരുംകൂടി ഒതേനന്റെ കളരിയിൽ വന്ന് പന്തലിനെപ്പററി വളരെ ഭത്സിച്ചു സംസാരിച്ചു. ഒതേനന്റെ ശിഷ്യന്മാർക്കു ഇതു രസിച്ചില്ല. ഇരുകക്ഷികളും തമ്മിൽ വലിയ ശണ്ഠനടന്നു.

പക്ഷെ ദേശത്തു പ്രമാണികൾ മദ്ധ്യസ്ഥം പറഞ്ഞു ശണ്ഠ അവസാനിപ്പിച്ചു. എങ്കിലും മതില്ലൂർ ഗുരുനാഥൻ ഒതേനനെ പൊയ്ത്തിന്ന് പോക്കു വിളിച്ചു.

അമ്മയോടും, സഹോദരനോടും, ഭാര്യയോടും, കുട്ടികളോടും മററും യാത്ര പറഞ്ഞു ഒതേനൻ പൊയ്ത്തിന്ന് പുറപ്പെട്ടു. ദുശ്ശകുനങ്ങൾ ധാരാളമായിക്കണ്ടു. സ്നേഹിതന്മാർ പൊയ്ത്തു നീട്ടിവെക്കുവാനുപദേശിച്ചുവെങ്കിലും ഒതേനൻ അതൊന്നും കൂട്ടാക്കിയില്ല. പൊയ്ത്താരംഭിച്ചു. മതില്ലൂർ പല ചതിപ്രയോഗങ്ങളും കൂട്ടിയെങ്കിലും ഒടുവിൽ ഒതേനന്റെ കൈകൊണ്ടു മരിച്ചു.

പൊയ്ത്തിൽ വിജയിയായി, സന്തോഷത്തോടു കൂടി വീട്ടിലേക്കു മടങ്ങിവരികയാണ്. അപ്പോഴാണ് തന്റെ ഒരു ഘട്ടാരം പൊയ്ത്തു നടന്ന സ്ഥലത്തു വെച്ചു മറന്നതായി ഒതേനന്ന് ഓർമ്മ വന്നതു്. തന്റെ ആയുധങ്ങളൊന്നും പോർക്കളത്തിൽ ഒരു നായർ യോദ്ധാവ് മറന്നുവെക്കുക പതിവില്ല. പക്ഷെ മടങ്ങേണ്ടെന്ന് സ്നേഹിതന്മാർ ഉപദേശിച്ചു. അതു കൂട്ടാക്കാതെ ഒതേനൻ തനിയെ പോർക്കളത്തിലേക്കു മടങ്ങുമ്പോഴാണ് ഒരു വൈരി ഒളിഞ്ഞിരുന്ന് ഒതേനന്റെ നേരെ നെറുകിലേക്കു വെടി വെച്ചതു്. വെടിവെച്ചവനെ ഒരു പറയൻ അമ്പെയ്ത് കൊന്നുവെങ്കിലും, അവന്ന് ഒതേനനെ രക്ഷിപ്പാൻ കഴിഞ്ഞില്ല.

ഒതേനൻ അന്ത്യസമയത്തു പറയനോടു നന്ദി പറഞ്ഞു കുറെ വെള്ളം കുടിക്കേണമെന്നാവിശ്യപ്പെട്ടു. അപ്പോഴക്കു സ്നേഹിതന്മാരെല്ലാം അടുത്തെത്തി, വ്യസനാക്രാന്തരായി നിലവിളികൂട്ടി. മരുന്ന് വെച്ചു മുറികെട്ടിയെങ്കിലും ഒതേനൻ പറഞ്ഞു: "എന്നെ എന്റെ വീട്ടിലേക്കു വേഗം കൊണ്ടുപോകണം. എന്റെ ഭാര്യയേയും കുട്ടികളേയും, അമ്മയേയും സഹോദരനേയും എനിക്കു കാണണം. തലയിൽ വെടികൊണ്ടിട്ടുള്ള ഒരുവൻ ജീവിക്കാൻ പ്രയാസമാണ്."

പൊയ്ത്തിന്റെ വിജയവർത്തമാനത്തിന്റെ പിന്നാലെത്തന്നെ, ഒതേനനും മരിക്കാനായി വീട്ടിൽ ചെന്നെത്തി.



കോഴിമുട്ട: ഒന്നാന്തരം ഒരു കുടിൽവ്യവസായം

ചെറുകഥ

# മൂസ്സക്കാക്കയുടെ സമ്പാദ്യം

(എം. ആലിക്കുഞ്ഞി)

[ഇന്ത്യക്കാരായ അനവധി ആളുകൾ ബർമ്മയിൽ പോയി അധിവാസം ചെയ്യാനിടവന്നിട്ടുണ്ടെങ്കിലും ബർമ്മയുടെ നാനാ ഭാഗങ്ങളിലും, കാടുകളിലും മലകളിലുംകൂടി, കാപ്പിക്കടവെച്ചോ മറ്റു വ്യാപാരംചെയ്തോ ഒട്ടധികം കായക്ലേശംചെയ്ത് ജീവിതം നയിച്ചും, സമ്പാദിച്ചും വന്ന ഒരു സമുദായമാണ് നമ്മുടെ മലബാറിലെ മാപ്പിളമാർ. അദ്ധ്വാനശീലംകൊണ്ട് മലബാറിൻെറ പ്രകൃതിസൌന്ദര്യം വളർത്തിയും കൈത്തൊഴിലും കച്ചവടവും പുഷ്ടിവരുത്തിയും ഈ സമുദായം ബർമ്മയെ മലയാളീകരിക്കാൻ ചെയ്തിട്ടുള്ള ഓരോ പ്രവൃത്തിയും ബർമ്മയുടെ ഭിത്തികളിൽ ഒരു കാലത്ത് ചരിത്രപ്രാധാന്യമായ ലിപികളിൽ കാണാവുന്നതാണ്. കേരളത്തിലെ ഏതു സദ്യക്കും ചന്ദ്രികയുടെ മന്ദഹാസമാധുര്യം നല്കുന്ന പപ്പടം ബർമ്മയിൽ ആദ്യമായി കൊണ്ടുചെന്നതും പിന്നീട് അവിടെത്തന്നെ അത് വ്യവസായമായി സ്ഥാപിച്ചതും മലബാറിലെ മാപ്പിളമാരാണ്. ജാപ്പ്സൈന്യങ്ങളെ പേടിച്ചോടി ഇന്ത്യയിലെക്കെത്തിച്ചേരുവാൻ ശ്രമിച്ചിരുന്ന അനേകായിരം അഭയാർത്ഥികൾക്കു രക്ഷയും മററു നാനാപ്രകാരേണയുള്ള സഹായങ്ങളും ചെയ്തിരുന്ന ഒരു സമുദായമാണ് നമ്മുടെ മാപ്പിളമാർ. അന്യരാജ്യങ്ങളെ സ്വദേശങ്ങളായി കരുതി അവിടെ കുടിയേറി പാർത്തുവന്നിരുന്ന ഇവർക്ക് തങ്ങളുടെ സ്വന്തം മാപ്പിളമലയാള ഭാഷയല്ലാതെ മറെറാരു ഭാഷയും അറികയില്ല താനും. എന്തിനാണ് ഭാഷ? അവർക്കെന്തിനാണ് ഭാഷ? ലോകം മുഴുവൻ പിടിച്ചടക്കുവാൻ കായക്ലേശം ചെയ്യുവാനുള്ള പ്രാപ്തിയൊന്നുപോരെ?]　　(യു. സ. പ.)

പാറക്കടവു സ്വദേശിയും ബർമ്മയിൽ പത്തു ലക്ഷത്തിലധികം ആസ്തിയുണ്ടായിരുന്ന ഒരു വ്യാപാരിയുമായിരുന്നു മൂസ്സക്കാക്ക. ഒരൊററ പുരുഷസന്താനമടക്കം ഒട്ടധികം സ്ത്രീകളുള്ള ഒരു കുടുംബമായിരുന്നു മൂസ്സക്കാക്കാൻെറത്. ഗൃഹാവശ്യത്തിന്നു മാസംപ്രതി 200 ക. അയച്ചുകൊടുക്കുകയല്ലാതെ നാട്ടിൽ യാതൊരു സമ്പാദ്യവും അദ്ദേഹത്തിന്നില്ലായിരുന്നു.

ബർമ്മയിലേക്കുള്ള കത്തുകൾക്കു മേൽവിലാസം ഇംഗ്ലീഷിൽ എഴുതിപ്പിക്കേണ്ടതിന്നുള്ള പ്രയാസം ധാരാളം അനുഭവിച്ചറിഞ്ഞ മൂസ്സക്കാക്കയുടെ ഭാര്യ തൻെറ ഓമനപുത്രനെ ഇംഗ്ലീഷു വിദ്യാഭ്യാസം ചെയ്യിക്കുവാൻ നിർബ്ബന്ധിതയായി. മാതാവിൻെറ പ്രോത്സാഹനവും, പുത്രൻെറ പരിശ്രമവുംകൊണ്ട് മകൻ മുഹമ്മദ് 1939 ൽ എസ്സ്. എസ്സ്. യൽ. സി. പരീക്ഷയിൽ വിജയിയാവുകയും ചെയ്തു.

മൂസ്സക്കാക്കയുടെ വ്യാപാരത്തിൻെറ കൈകാര്യകർത്തൃത്വം കയ്യേല്ക്കുവാൻ മകനെ ആവശ്യപ്പെട്ടുകൊണ്ട് മൂസ്സക്കാക്ക തൻെറ ഭാര്യക്കു പല കത്തുകളും അയച്ചുവെങ്കിലും മകൻെറ അഭാവം തന്നെ കൂടുതൽ അലട്ടുമെന്ന കാരണത്താൽ അതിന്നു വഴിപ്പെട്ടില്ല. മകന്നു ഒരു ഗവർമ്മേണ്ടുദ്യോഗസ്ഥനായിത്തീരുവാൻ അതിയായ മോഹമുണ്ടായിരുന്നുവെങ്കിലും മാതാവിൻെറ സ്വദേശം വിടരുതെന്നുള്ള താക്കീതു് അതിന്നു പ്രതിബന്ധമായിത്തീർന്നു. "മാസംതോറും പണം വരുന്നു. നമുക്കു യാതൊരു ക്ഷാമവുമില്ല. ബർമ്മ നമുക്കു ഒരു താങ്ങും തണലുമാണ്. അതുകൊണ്ട് എൻെറ മകൻ എവിടെയും പോകേണ്ട." ഇതായിരുന്നു മാതാവിൻെറ ഉപദേശം.

*　　*　　*

.........കൊല്ലം ഏതാണ്ടു രണ്ടു കഴിഞ്ഞു. ജാപ്പാൻെറ ക്രൂരമായ ആക്രമണം ബർമ്മയിൽ നടന്നു: കുന്നും, മലയും കയറി; ഒട്ടിച്ചുളിഞ്ഞ വയറും, കീറിപാറിയ വസ്ത്രവും, ഒരു മുണ്ടൻവടിയുമായി മൂസ്സക്കാക്ക തൻെറ വീട്ടിൽ വന്നുകയറി. ട്ടവ്വായി (ബർമ്മ) യിലുണ്ടായിരുന്ന സമ്പാദ്യത്തിൽനിന്നു 10 പയി പോലും വിട്ടിലെത്തിക്കുവാൻ സാധിച്ചില്ല. "അയ്യോ! അമ്മേ! നമ്മുടെ താങ്ങും തണലുമെവിടെ" എന്നായിരുന്നു മുഹമ്മദിൻെറ ചോദ്യം. "നമ്മെ ഇതേവരെ തീററിപ്പോററിയ ബാപ്പയുടെ ഈ ദയനീയവും മർമ്മഭേദകവുമായ ഈ നില കണ്ടുംകൊണ്ട് മുഖത്തോടുമുഖം നോക്കി പട്ടിണി കിടക്കുവാൻ ഞാനൊരുക്കമില്ല. എൻെറ പിതാവിനെ ഏതൊരു ശക്തിയാണൊ ഈ ആപൽഗർത്തത്തിലേക്ക് അതേ—ഈ നിസ്സഹായാവസ്ഥയിലേക്ക് പിടിച്ചുതള്ളിയത്—അതിനെ നശിപ്പിച്ചേ ഞാൻ മടങ്ങുകയുള്ളു" എന്നു ശപഥംചെയ്തുകൊണ്ടു മുഹമ്മദു പടിയിറങ്ങിപ്പോയി.

മൂസ്സക്കാക്ക തൻെറ നിസ്സഹായാവസ്ഥയെ കുറിച്ചും കഷ്ടനഷ്ടങ്ങളെ പററിയും കലക്ടർ സായ്പ് അവർകൾക്കു ഹരജി ബോധിപ്പിക്കുകയും തൽഫലമായി 50 ക.വീതം മാസംതോറും അഭയാർത്ഥി സഹായധനമായി കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

*　　*　　*

മാസം നാലു കഴിഞ്ഞു. ഡൽഹിയിൽനിന്നു മകൻെറ കത്തും 100 കയും കിട്ടി. താൻ ഇന്ത്യൻ വൈമാനിക സർവ്വീസ്സിലെ ഒരു ഉദ്യോഗസ്ഥനായെന്നും പിതാവിനെമാത്രമല്ല കുടുംബമൊട്ടുക്കു കണ്ണീരും, കയ്യാക്കിത്തീർത്ത ജാപ്പാൻകാരുടെ അഹങ്കാരത്തേയും, അതിമോഹത്തേയും, അടിച്ചമർത്തുവാൻ അല്ല—നിശ്ശേഷം നശിപ്പിക്കുവാൻ—ബർമ്മയിലെ ജാപ്പ് കേന്ദ്രങ്ങളിൽ പോയി ബോംബ് ഉതിർക്കുകയാണെൻെറ ജോലിയെന്നും, മാസംപ്രതി 200ക. വീട്ടിലെത്തിക്കുവാൻ താൻ ഏർപ്പാടു ചെയ്തിരിക്കുന്നുവെന്നുമായിരുന്നു കത്തിൻെറ ഉള്ളടക്കം. കത്തു ഭാര്യക്കു മൂസ്സക്കാക്ക വായിച്ചു കേൾപ്പിച്ചു.

ഭാര്യ: ഞാൻ അന്നു മകനെ പഠിപ്പിച്ചതു് എത്ര ഉപകാരമായി? ഇവിടെ ഇപ്പോൾ നമുക്കു എന്തു സമ്പാദ്യമുണ്ട്?


മൂസ്സക്കാക്ക:—ഞാൻ ട്ടവ്വായിൽ പേരും പെരുമയുമുള്ള ഒരു കച്ചവടക്കാരനായിരുന്നുവെങ്കിലും ഇവിടെ ഒരു പൈപോലും സമ്പാദ്യമില്ല. എൻെറ കുഞ്ഞു മകനല്ലാതെ മറെറാന്നുമില്ല.

ഭാര്യ: ഞാൻ എൻെറ മകനെ പഠിപ്പിച്ചിരുന്നില്ലെങ്കിൽ വടകര താലൂക്കിൽനിന്നു കിട്ടുന്ന 50 ക. കൊണ്ടു ഞങ്ങളെന്തു ചെയ്യുമായിരുന്നു. കലക്ടർ യജമാനൻെറ ദയകൊണ്ടാണ് അതെങ്കിലും കിട്ടുന്നതു്.

മൂസ്സ: കഴിഞ്ഞതു പോകട്ടെ! ജാപ്പാൻകാർ ബർമ്മയിൽ ചെയ്ത അക്രമങ്ങൾ ഞാനല്ലേ കണ്ടതു്. യുദ്ധത്തിന്നുമുമ്പു വേശ്യാഗൃഹത്തിൽ ജാപ്പാൻ സ്ത്രീകളാണുള്ളതു്. അവരുടെ പുരുഷന്മാരല്ലേ ജാപ്പ് പട്ടാളക്കാർ. പിന്നെ അവർ കാട്ടിക്കൂട്ടുന്ന അക്രമത്തിന്നും, അതിക്രമത്തിന്നും ഉണ്ടോ കയ്യും, കണക്കും? അവരെ ചുട്ടുകരിക്കുവാൻ പററുമാറു് എൻെറ മുഹമ്മദിനെ പഠിപ്പിച്ചതു വളരെ നന്നായി. പത്തു ലക്ഷമല്ല പത്തു കോടി ഉറുപ്പികതന്നെ ബർമ്മയിൽ സമ്പാദ്യമുണ്ടായിരുന്നിട്ടും എനിക്കു ഒരു പൈ കൊണ്ടുപകാരമില്ല. എൻെറ സമ്പാദ്യം, എൻെറ മകനും, ബ്രിട്ടീഷു ഗവർമ്മേണ്ടിന്നും വിജയവും, ബർമ്മ മടക്കിപിടിക്കലുമാണ്. അതിന്നുവേണ്ടി എന്തു വില കൊടുക്കുവാനും മടിക്കുകയില്ല.

ഭാര്യ: അൽല്ലാഹു ആ സമ്പാദ്യം വേഗം കൈവരുത്തി തരട്ടെ. ആമീൻ.

# കൊച്ചി തുറമുഖം



കേരളത്തിലെ ഐശ്വര്യത്തിന്റെ പടിവാതിൽ

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.